# പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 3913 15-12-2014 ന് മറുപടിയ്ക്ക്

## പാലക്കാട് ജില്ലയിൽ സ്വകാര്യ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും നൽകിയ വനഭൂമി

ചോദ്യം

**ശ്രീ എം. ചന്ദ്രൻ**

മറുപടി

**ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ (ബഹു. വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | കഴിഞ്ഞ 3 വർഷത്തിനിടയിൽ പാലക്കാട് ജില്ലയിൽ, കോടതിയുടെയോ മറ്റ് അധികാരസ്ഥാപനങ്ങളുടെയോ ഉത്തരവ് മുഖേന സ്വകാര്യ വ്യക്തികൾക്കോ, സ്ഥാപനങ്ങൾക്കോ വനഭൂമി വിട്ടു നൽകിയിട്ടുണ്ടോ; | (എ) | ഉണ്ട്. സർക്കാരിൽ കേരള പ്രൈവറ്റ് ഫോറസ്റ്റ് (വെസ്റ്റിംഗ് ആന്റ് അസൈൻമെന്റ്) ആക്ട് പ്രകാരം നിക്ഷിപ്തമാക്കപ്പെട്ട വനഭൂമികൾ കോടതി വിധികൾ പ്രകാരം വനമല്ല എന്നു കണ്ടെത്തിയതിനാൽ വിട്ടുനൽകുകയുണ്ടായിട്ടുണ്ട്. |
| (ബി) | എങ്കിൽ വിട്ടുനൽകിയ വനഭൂമിയുടെ വിസ്തീർണം എത്രയെന്ന് വ്യക്തമാക്കുമോ; | (ബി) | കോടതി വിധികളുടെയും, സർക്കാർ ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ വനഭൂമി അല്ലെന്ന് കണ്ടെത്തിയ 88.7859 ഹെക്ടർ ഭൂമി വിട്ടു നൽകിയിട്ടുണ്ട് |
| (സി) | ഇത്തരത്തിൽ വിട്ടു നൽകിയ വനഭൂമി തിരിച്ചുപിടിക്കുന്നതിനും ബന്ധപ്പെട്ട കോടതികളിൽ അപ്പീൽ പോകുന്നതിനും നടപടി സ്വീകരിക്കുമോ; | (സി) | വനം വകുപ്പിന് എതിരായി വിധി വരുന്ന കേസ്സുകളിൽ നിയമോപദേശം ലഭ്യമാക്കി അപ്പീൽ ഫയൽ ചെയ്യാറുണ്ട്. അതിൽ നിഷ്കർഷ പുലർത്തി വരുന്നു. |
| (ഡി) | വനഭൂമി വിട്ടുനൽകുന്നതുമായി ബന്ധപ്പെട്ട കേസ്സുകൾ സർക്കാർ തലത്തിൽ അവലോകനം നടത്താറുണ്ടോ? | (ഡി) | കോടതികൾ വനഭൂമിയല്ലായെന്ന് കണ്ടെത്തിയ ഭൂമി സർക്കാർ തലത്തിൽ അവലോകനം നടത്തി ഉത്തരവ് പുറപ്പെടുവിച്ച ശേഷം മാത്രമാണ് അതിന്റെ ഉടമസ്ഥർക്ക് വിട്ടു നൽകി വരുന്നത്. |

Ajithsaf

സെക്ഷൻ ഓഫീസർ